# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : * 93** 02-03-2017-ൽ
മറുപടി നൽകേണ്ടത്

## വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ റാഗിംഗ്

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.പി.കെ.ബഷീർ<br>ശ്രീ. ടി.എ.അഹമ്മദ് കബീർ<br>ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്<br>ശ്രീ. പി.കെ.കുഞ്ഞാലിക്കുട്ടി | : | പ്രൊഫ.സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

| | |
|---|---|
| എ) വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ റാഗിംഗിന്റെ കാര്യത്തിൽ സർക്കാർ നയം വ്യക്തമാക്കുമോ; | എ) ഉന്നത വിദ്യാഭ്യാസ മേഖലയിൽ നേരത്തെ തന്നെ റാഗിംഗ് നിയമവിരുദ്ധമായി പ്രഖ്യാപിച്ചിട്ടുണ്ട്. റാഗിംഗ് സംബന്ധിച്ച് കേരള സർവ്വകലാശാലയുടെ കീഴിലുള്ള കോളേജുകളിൽ റാഗിംഗ് തടയുന്നതിനായി വൈസ് ചാൻസലർ അധ്യക്ഷനായി ആന്റി റാഗിംഗ് കമ്മിറ്റിയും, ആന്റി റാഗിംഗ് സ്ക്വാഡും, മോണിറ്ററിംഗ് സെല്ലും രൂപീകരിക്കുകയും പരാതികൾ ലഭിക്കുന്ന മുറയ്ക്ക് ആയതിന്മേൽ നടപടി സ്വീകരിക്കുകയും ചെയ്തു വരുന്നു. എല്ലാ മാസവും ഒന്നാം തീയതി റാംഗിംഗ് സംബന്ധിച്ച് നടപടിക്കുറിപ്പ് ബഹുമാനപ്പെട്ട ചാൻസലർക്ക് നൽകി വരുന്നുണ്ട്. വിദ്യാർത്ഥി |

| | |
|---|---|
| | കളുടെ ഇടയിൽ റാഗിംഗിനെ കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനായി ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുകയും റാഗിംഗിനെതിരെ ശക്തമായ മുൻകരുതലുകൾ എടുക്കുവാനുള്ള നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്. സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലും റാഗിംഗ് നിയമവിരുദ്ധമായി പ്രഖ്യാപി-ച്ചിട്ടുണ്ട്. റാഗിംഗ് റിപ്പോർട്ട് ചെയ്താൽ AICTE നിഷ്കർഷിച്ചിരിക്കുന്ന വ്യവസ്ഥകൾ പ്രകാരം റാഗിംഗ് നടത്തിയ വിദ്യാർത്ഥിക്കെതിരെ ശക്തമായ നടപടികൾ എടുക്കാറുണ്ട്. റാഗിംഗ് തടയുന്നതിനായി AICTE നിർദ്ദേശിക്കുന്ന തരത്തിൽ ആന്റി റാഗിംഗ് സെൽ രൂപീകരിക്കുകയും റാഗിംഗ് റിപ്പോർട്ട് ചെയ്തിട്ടുള്ള കേസുകളിൽ പോലീസ് കേസ്, റാഗിംഗ് ചെയ്തവരെ പുറത്താക്കൽ എന്നീ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. എ.പി. ജെ അബ്ദുൾ കലാം സാങ്കേതിക സർവ്വകലാശാലയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളിൽ റാംഗിംഗ് ഒരു കാരണവശാലും അനുവദിക്കരുതെന്നും, ആയത് അവലോകനം ചെയ്യുന്നതിനായി ഒരു സ്ഥിരം സമിതി കോളേജുതലത്തിലും |

| | |
|---|---|
| | വിവിധ ഡിപ്പാർട്ട്മെന്റ് തലത്തിലും രൂപീകരിക്കണമെന്നും കോളേജുകളോട് നിഷ്കർഷിച്ചിട്ടുണ്ട്. ഓരോ അദ്ധ്യയന വർഷവും ആരംഭിക്കുന്നതിനു മുന്നേ ഇതു സംബന്ധിച്ച യു.ജി.സി, എ.ഐ.സി.റ്റി.ഇ. മാനദണ്ഡങ്ങൾ അനുസരിച്ചുള്ള സർക്കുലർ എല്ലാ കോളേജ് പ്രിൻസി പ്പാൾമാർക്കും നൽകുകയും അഡ്മിഷൻ സമയത്ത് വിദ്യാർത്ഥിയും രക്ഷാകർ-ത്താവും റാഗിംഗിനെക്കുറിച്ചുള്ള കാര്യങ്ങൾ മനസ്സി ലാക്കിയതായും ആയതിൽ ഒരു കാരണ വശാലും ഭാഗവാക്കാകുകയില്ല എന്നുള്ള സാക്ഷ്യ പത്രം വാങ്ങണമെന്ന് നിഷ് കർഷിക്കുകയും ചെയ്തുവരുന്നു. സ്കൂൾതല-ത്തിൽ റാഗിംഗുമായി ബന്ധപ്പെട്ട് വിഷയത്തിൽ എല്ലാ അദ്ധ്യയന വർഷവും വിദഗ്ധരെ പങ്കെടുപ്പിച്ച് വിദ്യാർത്ഥികൾക്ക് ബോധ-വൽക്കരണം നൽകിവരുന്നു. |
| ബി) റാഗിംഗ് എന്ന പേരിൽ ദളിത് വിദ്യാർത്ഥികളുൾപ്പെടെയുളള നിരാലംബർക്കെതിരെ നടമാടുന്ന ഗുണ്ടാ ആക്രമണങ്ങളുടെ കാര്യത്തിൽ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ; | (ബി) കേരള സർവ്വകലാശാലയുടെ കാര്യവട്ടം ക്യാമ്പസിലെ ഒന്നാം വർഷ എം.എസ്.സി കമ്പ്യൂട്ടേഷണൽ ബയോളജി വിദ്യാർത്ഥി ശ്രീ. രാജേഷ് ബാബുവിന്റെ പരാതിയുടെ അടിസ്ഥാനത്തിൽ പ്രാഥമികാന്വേഷണത്തിൽ കുറ്റക്കാര നാണെന്ന് കണ്ട വിദ്യാർത്ഥിയെ |

| | |
|---|---|
| | സസ്പെന്റ് ചെയ്യുകയും ഹോസ്റ്റലിൽ നിന്നും പുറത്താക്കുകയും ചെയ്തിട്ടുണ്ട്. 2017 ജനുവരി 11-ാം തീയതി മഹാത്മാഗാന്ധി സർവ്വകലാശാല ഹോസ്റ്റലിൽ വച്ച് മർദ്ദിക്കപ്പെട്ട ദളിത് വിദ്യാർത്ഥിയുടെ പരാതി അന്നേ ദിവസം പോലീസിനു കൈമാറുകയും ചെയ്തു. കോഴിക്കോട് ഗവ.ലോ കോളേജിൽ നിന്നു രണ്ട് പരാതികൾ ലഭിക്കുകയും പ്രസ്തുത പരാതികൾ പോലീസിന് കൈമാറുകയും ആന്റി റാഗിംഗ് സ്ക്വാഡ് അന്വേഷണം നടത്തിയതിൽ പരാതിക്കാർ മൊഴി നൽകാൻ തയ്യാറാകാത്തതിനാൽ തെളിവില്ലാതെ പരാതി തീർപ്പാക്കിയിട്ടുമുണ്ട്. സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള നാട്ടകം പോളിടെക്നിക്ക് കോളേജിൽ റാഗിംഗ് നടന്നതായി റിപ്പോർട്ട് ചെയ്യുകയുണ്ടായി. അവിനാഷ്. ഒ, ഷൈജു.ഡി, ഗോപി എന്നീ വിദ്യാർത്ഥികളെ മെൻസ് ഹോസ്റ്റലിൽ 8 സീനിയർ വിദ്യാർത്ഥികൾ ചേർന്ന് റാഗിംഗ് നടത്തുകയും, ടി വിദ്യാർത്ഥികളെ കോളേജിൽ നിന്നും പുറത്താക്കുകയും ചെയ്തു. കേസ് ഇപ്പോൾ കോടതിയുടെ പരിഗണനയിലാണ്. മറ്റു സർവ്വകലാശാലകളിൽ ദളിത് വിദ്യാർത്ഥികൾ- |

| | |
|---|---|
| | ക്കെതിരെ റാഗിംഗ് കേസുകൾ റിപ്പോർട്ട് ചെയ്തിട്ടില്ല. റാഗിംഗിന്റെയും ദളിത്പീഡനാരോപണത്തിന്റെയും തുടരന്വേഷണത്തിന് കേരള സർവ്വകലാശാല ക്യാമ്പസ് ഭരണ വിഭാഗത്തിലെ ജോയിന്റ് രജിസ്ട്രാറിനെ ചുമതലപ്പെടുത്തുകയും ശ്രീകാര്യം പോലീസ് സ്റ്റേഷനിൽ കേസ് ഫയൽ ചെയ്യുകയും ചെയ്തു. സർവകലാശാല ഹോസ്റ്റലിലെ സുരക്ഷ ശക്തമാക്കുകയും; പോലീസിന്റെയും, സർവകലാശാല സെക്യൂരിറ്റി ജീവനക്കാരുടെയും പെട്രോളിംഗ് ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. അന്വേഷണറിപ്പോർട്ട് ആന്റി റാഗിംഗ് കമ്മിറ്റിയുടെ പരിഗണയ്ക്ക് സമർപ്പിക്കു-ന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിദ്യാഭ്യാസ അധികൃതർക്കുമ്പാകെയും പോലീസിലും റിപ്പോർട്ട് ചെയ്യപ്പെട്ട ഇത്തരം ആക്രമണങ്ങളെക്കുറിച്ചുള്ള വിശദവിവരം വെളിപ്പെടുത്തുമോ? | (സി) കോഴിക്കോട്, ഗവൺമെന്റ് ലോ കോളേജിൽ റാഗിംഗുമായി ബന്ധപ്പെട്ട് 2 പരാതികൾ ലഭിക്കുകയും, പ്രസ്തുത പരാതികൾ പോലീസിന് കൈമാറുകയും ചെയ്തു. ആന്റി റാഗിംഗ് സ്ക്വാഡ് അന്വേഷണം നടത്തിയതിൽ പരാതിക്കാർ മൊഴി നൽകാൻ തയ്യാറാകാതെയിരുന്നതിനാൽ കേസ് തീർപ്പാക്കിയിട്ടുണ്ട്. കട്ടപ്പന ഗവൺമെന്റ് കോളേജിൽ റാഗ് ചെയ്യലുമായി ബന്ധപ്പെട്ട 6 |

| | |
|---|---|
| | വിദ്യാർത്ഥികളെ കോളേജിൽ നിന്നും ഒരു സെമസ്റ്റർ കാലയളവിൽ സസ്പെൻഡു ചെയ്തു. പ്രസ്തുത വിദ്യാർത്ഥികളിൽ 3 പേരെ കോളേജ് ഹോസ്റ്റലിൽ നിന്നും പുറത്താക്കുകയും ചെയ്തു. കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയിൽ റാഗിംഗ് സംബന്ധിച്ച് എല്ലാ പരാതികളും പോലീസിന് കൈമാറിയിട്ടുണ്ട്. ഗവൺമെന്റ് കോളേജ്, കട്ടപ്പനയിൽ റാഗിംഗുമായി ബന്ധപ്പെട്ട് ഒരു കേസ് കട്ടപ്പന പോലീസ് സ്റ്റേഷനിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 18.10.2016 ലെ എഫ്.ഐ.ആർ നം. 123 പ്രകാരമുള്ള കേസാണ് രജിസ്റ്റർ ചെയ്തിരിക്കുന്നത്. കേരള പ്രൊഹിബിഷൻ ഓഫ് റാഗിംഗ് ആക്ട് 1998 -ലെ സെക്ഷൻ 13 & 14 എന്നിവ പ്രകാരവും ഐ.പി.സി 1860 ആക്ടിലെ വകുപ്പുകൾ 143,342,451,506 (1) R/W 149 പ്രകാരവുമാണ് ടി കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. കളമശ്ശേരി സർക്കാർ പോളിടെക്നിക്ക് കോളേജ് ഹോസ്റ്റലിലെ റാഗിങ്ങുമായി ബന്ധപ്പെട്ട് മാധ്യമങ്ങളിൽ വന്ന വാർത്തകളുടെയും വിദ്യാർത്ഥികളിൽ നിന്നും ലഭിച്ച പരാതികളുടെയും അടിസ്ഥാനത്തിൽ ആന്റി റാഗിംഗ് സെൽ നടത്തിയ |

| | |
|---|---|
| | പ്രാഥമികാന്വേഷണത്തിനുശേഷം പ്രസ്തുത സംഭവത്തിൽ ഉൾപ്പെട്ടിട്ടുണ്ട് എന്ന് പ്രഥമ ദൃഷ്ട്യാ കണ്ടെത്തിയ 11 വിദ്യാർത്ഥികളെ കോളേജിൽ നിന്ന് അന്വേഷണ വിധേയമായി പുറത്താക്കിയിട്ടുണ്ട്. റാഗിംഗുമായി ബന്ധപ്പെട്ട് പോലീസിൽ ആകെ 56 കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അവയിൽ 3 കേസുകൾ എസ്.സി വിഭാഗത്തിൽ നിന്നും ബാക്കിയുള്ള 53 കേസുകൾ മറ്റ് വിഭാഗത്തിൽ നിന്നുള്ളതുമാണ്. |

**സെക്ഷൻ ഓഫീസർ**